"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല - പൊന്മുണ്ടം ഗ്രാമ പഞ്ചായത്ത് - റോഡുകൾ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഭരണ സമിതി തീരുമാനം - പൊന്മുണ്ടം ഗ്രാമ പഞ്ചായത്ത് നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.2676/2025/LSGD തീയതി,തിരുവനന്തപുരം, 05-11-2025

---

പരാമർശം:-

1. പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 27/06/2025 തീയതിയിലെ 13(1), 14(1) നമ്പർ തീരുമാനങ്ങൾ
2. പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 08/07/2025 തീയതിയിലെ 4(1) നമ്പർ തീരുമാനം
3. പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് സമർപ്പിച്ച 17/07/2025 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പൊൻമുണ്ടം ഗ്രാമപഞ്ചായത്തിൽ പൊതുജനങ്ങൾ കാലങ്ങളായി പൊതുവഴിയായി ഉപയോഗിച്ചു വരുന്നതും പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി മെച്ചപ്പെടുത്തണമെന്ന് ഗ്രാമസഭകളിൽ നിരന്തരം ഉന്നയിക്കുകയും ചെയ്തിട്ടുള്ളതുമായ റോഡുകൾ പൊന്മുണ്ടം ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (1),(2) പ്രകാരം പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിരുന്നു.

2) ഗ്രാമ പഞ്ചായത്തുകൾക്ക് സ്വകാര്യ ഭൂമി വിട്ടു കൊടുക്കുമ്പോൾ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 178 & 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു ലഭ്യമാകുന്ന ഭൂമിയാണ് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതെന്നും, ഭൂമി മേൽ രീതികളിലല്ലാതെ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത് മൂലം പോക്ക് വരവ് നടത്തപ്പെടാതെ വരുന്നത് ഭാവിയിൽ പഞ്ചായത്തിന് തർക്കങ്ങളും, കോടതി വ്യവഹാരങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ടെന്നും, നിയമാനുസൃതമല്ലാതെ ആസ്തിയിൽ ഉൾപ്പെടുത്തി റോഡിൽ ഫണ്ട് വെച്ച് പ്രവൃത്തി ചെയ്യുന്നത് മൂലം സാമ്പത്തിക ബാധ്യതയും നേരിടേണ്ടി വരുമെന്നും ആയതിനാൽ നിയമാനുസൃതമല്ലാത്ത ഈ തീരുമാനത്തിൽ നിന്നും പിൻ മാറേണ്ടതാണെന്നും സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരുന്നു. എന്നാൽ പൊതു ജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് സെക്രട്ടറിയുടെ വിയോജനം മറികടന്നു കൊണ്ട് റോഡുകൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും, മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1995 ലെ കേരള പഞ്ചായത്ത് രാജ് പഞ്ചായത്തിന്റെ യോഗ

നടപടിക്രമങ്ങളിലെ ചട്ടം 29(3) പ്രകാരം ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ ആവശ്യം പരിഗണിച്ച് അതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

3) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ, വകുപ്പ് 178 പ്രകാര**വും,** 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം അല്ലായെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ പ്രസ്താവന പരിശോധിച്ചതിൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 169 പ്രകാരം ഒരു പഞ്ചായത്തിന്റെ പ്രദേശത്തിനുള്ളിലുള്ള എല്ലാ പൊതുവഴികളും പാലങ്ങളും കലുങ്കുകളും കിടങ്ങുകളും അണകളും അവയ്ക്കു മുകളിലോ, വശങ്ങളിലോ ഉള്ള് വേലികളും സംരക്ഷണ സംവിധാനവും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ സ്വത്തില്ലാത്ത, എല്ലാ ഭൂമിയും സഹിതം, പഞ്ചായത്തുകൾക്ക്, അതായത്:-

(എ) ജില്ലാ പഞ്ചായത്തുകൾക്ക് : ഒന്നിൽ കൂടുതൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിലുള്ള മേജർ ജില്ലാ റോഡല്ലാത്ത എല്ലാ ജില്ലാ റോഡുകളും അവയോട് ചേർന്നുള്ള എല്ലാ നടപ്പാതകളും കല്ലു അവിടെ സ്ഥാപിച്ചിട്ടുള്ള മറ്റെല്ലാ കല്ലും മറ്റു സാധനങ്ങളും സാധന സാമഗ്രികളും അപ്രകാരമുള്ള റോഡുകളിലോ അതിനോടു ചേർന്നോ അതിൻകീഴിലോ നിർമ്മിച്ചിട്ടുള്ള എല്ലാ അഴുക്ക ചാലുകളും കലുങ്കുകളും അവയോട് ചേർന്നുള്ള എല്ലാ പണികളും സാധനസാമഗ്രികളും പൂർണ്ണമായും കൈമാറ്റം ചെയ്തതായും അവയിൽ നിക്ഷിപ്തമായതായും കണക്കാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു വസ്തു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥാവകാശത്തിലാണെന്ന് അവകാശപ്പെട്ടുകൊണ്ട് വ്യക്തി ഫയൽ ചെയ്ത WP(C) No. 6384/2015 മേൽ ബഹു.കേരള ഹൈക്കോടതി 10.04.2015 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്:

I have also examined the Circular No.58608/D.B.2/2009 LSGD, dated 13.01.2010, which deals with the rectification of mistakes in the Asset Register and inclusion of new assets in the said register. But I do not find anything adverse therein to conclude that the road in question should not be treated as one vesting in the respondent Panchayat.

13.01.2010 ലെ 58608/DB.2/2009/ LSGD സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററുകളിലെ അപാകതകൾ പരിഹരിച്ചും, പുതിയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയും ഡിജിറ്റൽ രജിസ്റ്ററുകളായി സൂക്ഷിക്കുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ചോദ്യം ചെയ്യപ്പെട്ട റോഡ് പ്രതിഭാഗം പഞ്ചായത്തിൽ നിക്ഷിപ്തമായ ഒന്നായി കണക്കാക്കരുതെന്ന് നിഗമനം ചെയ്യുന്നതിന് പ്രതികൂലമായ ഒന്നും അതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്ന നിഗമനത്തിൽ എല്ലാ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്ത് മേൽപ്രകാരമുള്ള കേസിൽ റിട്ട് ഹർജി ബഹു .ഹൈക്കോടതി തള്ളിക്കളഞ്ഞിട്ടുള്ളതുണ്.

5) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 1994 ലെ പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 191 പ്രകാരം ഒരു പഞ്ചായത്ത് പാസ്സാക്കിയ ഒരു പ്രമേയം (എ) നിയമാനുസൃതം പാസ്സാക്കിയതല്ലെന്നോ എടുത്തതല്ലെന്നോ (ബി) ഈ ആക്ട് പ്രകാരമോ മറ്റേതെങ്കിലും നിയമപ്രകാരമോ നൽകപ്പെട്ട അധികാരങ്ങൾക്ക് അതീതമാണെന്നോ അവയുടെ ദുർവിനിയോഗമാണെന്നോ (സി) മനുഷ്യജീവനോ ആരോഗ്യത്തിനോ സുരക്ഷയ്ക്കോ സാമുദായിക ഐക്യത്തിനോ പൊതുസമാധാനത്തിനോ അപകടം ഉണ്ടാക്കാൻ സാദ്ധ്യതയുണ്ടെന്നോ, ലഹളയിലേക്കോ കലഹത്തിലേക്കോ നയിക്കുമെന്നോ (ഡി) പ്ലാനുകളോ പദ്ധതികളോ

പരിപാടികളോ നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങളോ ഗ്രാന്റിന്റെ വ്യവസ്ഥകളോ ലംഘിച്ചുവെന്നോ തോന്നുന്നപക്ഷം അപ്രകാരമുള്ള പ്രമേയമോ തീരുമാനമോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതാണെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. അതിനാൽ ഇക്കാര്യം അതിന്റെ പരിധിയിൽ വരുന്നില്ലായെന്ന് കാണുന്നു.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു .ഹൈക്കോടതിയുടെ10/4/2015- ലെ മേൽ വിധിന്യായത്തെയും മേൽ പ്രതിപാദിച്ച ചട്ടങ്ങളെയും അടിസ്ഥാനമാക്കി മലപ്പുറം ജില്ലയിലെ പൊന്മുണ്ടം ഗ്രാമ പഞ്ചായത്തിൽ പൊതുജനങ്ങൾ കാലങ്ങളായി പൊതുവഴിയായി ഉപയോഗിച്ചു വരുന്നതും, പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി മെച്ചപ്പെടുത്തണമെന്ന് ഗ്രാമസഭകളിൽ നിരന്തരം ഉന്നയിക്കുകയും ചെയ്തിട്ടുള്ളതുമായ റോഡുകൾ പൊന്മുണ്ടം ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് പൊന്മുണ്ടം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി കൈക്കൊണ്ട തീരുമാനം നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, പൊന്മുണ്ടം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി

കരുതൽ ഫയൽ (ഡി.ബി1/277/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 06-11-2025 11:02:46

സെക്ഷൻ ഓഫീസർ